# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.32** **04-06-2018-ൽ മറുപടിക്ക്**

## നോളജ് സെന്റർ

**ചോദ്യം** **മറുപടി**

**ശ്രീ. കെ.എം.ഷാജി** **പിണറായി വിജയൻ (മുഖ്യമന്ത്രി)**

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്തെവിടെയെങ്കിലും നോളജ് സെന്റർ ആരംഭിക്കുന്നതിന് സർക്കാരിന് ഉദ്ദേശ്യമുണ്ടോ; എങ്കിൽ എവിടെയൊക്കെ; ഇത് കൊണ്ട് ഉദ്ദേശിക്കുന്നത് എന്താണ്; | എ) | ഉണ്ട്. തളിപ്പറമ്പ് നിയോജക മണ്ഡലത്തിലെ 7 ഗ്രാമ പഞ്ചായത്തുകളിലും, ധർമ്മടം നിയോജക മണ്ഡലത്തിലെ 8 ഗ്രാമ പഞ്ചായത്തുകളിലും വില്ലേജ് നോളജ് സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.<br>പദ്ധതിക്ക് കീഴിൽ വരുന്ന മുഴുവൻ കുടുംബങ്ങളുടെയും സമഗ്ര വികസനം ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന സമഗ്ര സാമൂഹ്യ സുരക്ഷ പദ്ധതിയായ "സമൃദ്ധി"-ക്കും, വരൾച്ച, പരിസ്ഥിതി നാശം, സമഗ്രവും ശാസ്ത്രീയവും ജന പങ്കാളിത്തത്തോടും കൂടിയ മണ്ണ്, ജൈവ സംരക്ഷണം നീർത്തട സംരക്ഷണം എന്നിവ ലക്ഷ്യമിട്ടുമുള്ള "നീർത്തടാധിഷ്ഠിത" വികസന പദ്ധതിയുടേയും പ്രവർത്തനങ്ങൾക്കാവശ്യ-മുള്ള വിവര വിജ്ഞാന വ്യാപനത്തിനായി തദ്ദേശ ഭരണ സ്ഥാപനതലത്തിൽ സ്ഥാപിക്കുന്ന ഒരു സ്ഥിരം സംവിധാനമാണ് വില്ലേജ് നോളജ് സെന്റർ. |

| | | | |
|---|---|---|---|
| ബി) | ഇതിന് കേന്ദ്ര സർക്കാരിൽ നിന്നോ കേന്ദ്ര സർക്കാർ ഏജൻസികളിൽ നിന്നോ എന്തെങ്കിലും സഹായം ലഭ്യമാണോ; | ബി) | വില്ലേജ് നോളജ് സെന്ററിന് നബാർഡിൽ നിന്നും 533.66 ലക്ഷം രൂപ വായ്പയായി ലഭിച്ചിട്ടുണ്ട്. |
| സി) | പ്രസ്തുത സെന്ററിന്റെ സേവനം ആർക്കാണ് ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നത്; ഇതിൽ നിന്നും എന്ത് രൂപത്തിലുള്ള വരുമാനമാണ് സർക്കാർ പ്രതീക്ഷിക്കുന്നത്; വിശദവിവരം നല്കമോ? | സി) | വിവിധങ്ങളായ സാമൂഹിക, സാമ്പത്തിക കാരണങ്ങളാൽ നിലവിൽ പാർശ്വവൽക്കരിക്കപ്പെട്ട മുഴുവൻ ആളുകളെയും ദാരിദ്ര്യം, സാമൂഹ്യ – അധസ്ഥിതാവസ്ഥ, തൊഴിൽ പരമായ പിന്നോക്കാവസ്ഥ, ആരോഗ്യ പ്രശ്നങ്ങൾ / രോഗതുരത തുടങ്ങിയവയിൽ നിന്നും കൈ പിടിച്ചുയർത്തി മെച്ചപ്പെട്ട ജീവിത നിലവാരത്തിലേയ്ക്ക് കൊണ്ടു വരിക, "സമൃദ്ധി", "നീർത്തടാധിഷ്ഠിത വികസന പദ്ധതി" എന്നീ പദ്ധതികൾക്കാവശ്യമായ വിവര വിജ്ഞാന വ്യാപനത്തിനായി തദ്ദേശ ഭരണ സ്ഥാപനതലത്തിൽ സ്ഥാപിക്കുന്ന സ്ഥിരം സംവിധാനം കൊണ്ടു വരിക എന്നീ ലക്ഷ്യങ്ങാണ് വില്ലേജ് നോളജ് സെന്ററിലൂടെ പ്രാവർത്തികമാക്കാൻ ഉദ്ദേശിക്കുന്നത്. വരുമാനത്തിലുപരി ജനങ്ങളുടേയും, നാടിന്റേയും സമഗ്ര വികസനമാണ് വില്ലേജ് നോളജ് സെന്റർ കൊണ്ട് ലക്ഷ്യമാക്കുന്നത്. |

**സെക്ഷൻ ഓഫീസർ**